കാസർഗോഡ് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ അഡീഷണൽ ബ്ലോക്ക്

325(1026) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ അഡീഷണൽ ബ്ലോക്ക് പണിയാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനുവേണ്ടി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്എന്നും ഇതിൽ എത്ര മുറികളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

ടൂറിസ്റ്റ് കേന്ദ്രങ്ങൾ

326(1027) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപങ്ങളും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനായി 50 പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണെന്ന 2012-13-ലെ പ്രഖ്യാപനം നടപ്പാക്കാൻ കഴിയാതിരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചിട്ടുണ്ട്. 2012-13 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ടൂറിസം ഡെസ്റ്റിനേഷൻ കണ്ടെത്തുന്നതിന്റെ ഭാഗമായി 14 ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി പ്രൊപ്പോസൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതിനെ തുടർന്ന് 9 ടൂറിസ്റ്റ് ഡെസ്റ്റിനേഷനെ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ടൂറിസം മേഖലയിൽ തൊഴിലവസരങ്ങളും പുതിയ സംരംഭകരെ ആകർഷിക്കുന്നതിനുംവേണ്ടി ടൂറിസം ഇൻവെസ്റ്റ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly